ഭരണഭാഷ - മാതൃഭാഷ

No – C2/146142 / 17

കളക്ടറേറ്റ് , പത്തനംതിട്ട
തീയതി : 19 /11 /2020

ജില്ലാ കളക്ടർ
പത്തനംതിട്ട

1) റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ / തിരുവല്ല
2) സ്പെഷ്യൽ തഹസീൽദാർ , എൽ. എ ( ജനറൽ ), പത്തനംതിട്ട
3) തഹസീൽദർ , കോന്നി, റാന്നി
4) സെക്രട്ടറി ,ഗ്രാമപഞ്ചായത്ത് , പഴവങ്ങാടി / റാന്നി/ മൈലപ്ര / കലഞ്ഞൂർ
5) വില്ലേജാഫീസർ , ചേത്തയ്ക്കൽ, റാന്നി, മൈലപ്ര, കൂടൽ
6) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.റ്റി. പി പൊൻകുന്നം

സർ

വിഷയം - പുനലൂർ- മൂവാറ്റുപുഴ റോഡ് വിസകനം -ചേത്തയ്ക്കൽ , റാന്നി ,മൈലപ്ര, കൂടൽ എന്നീ എന്നീ വില്ലേജുകളിൽ നിന്നും RFCTLARR ആക്ട് 2013 കാരം ഭൂമി ഏറ്റെടുക്കുന്നത് - 19(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിൽ നിന്നുള്ള 18/ 11/2020 ലെ മേൽ നമ്പർ നടപടിക്രമം

പുനലൂർ- മൂവാറ്റുപുഴ റോഡ് വിസകനത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ ചേത്തയ്ക്കൽ , റാന്നി ,മൈലപ്ര, കൂടൽ എന്നീ എന്നീ വില്ലേജുകളിൽ നിന്നും RFCTLARR ആക്ട് 2013 കാരം ഭൂമി ഏറ്റെടുക്കുന്നത് - 19(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് സൂചന പ്രകാരം ഉത്തരവായിരുന്നതാണ്.

ഈ സാഹചര്യത്തിൽ 19(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുള്ള വിജ്ഞാപനം താങ്കളുടെ കാര്യാലയത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതിനാശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി കളക്ടർ ( എൽ. എ)
ജില്ലാ കളക്ടർക്കു വേണ്ടി

**പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ : പി.ബി. നൂഹ് ഐ.എ.എസ്സ്)**

**വിജ്ഞാപനം**

**സി2-146142/17** **തീയതി : 18/11/2020**

പുനലൂർ - മൂവാറ്റുപുഴ റോഡ് വികസനവുമായി ബന്ധപ്പെട്ട പത്തനംതിട്ട ജില്ലയിലെ കോന്നി, റാന്നി എന്നീ താലൂക്കുകളിൽ നിന്നും ഭൂമി എൽ.എ ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള കേരള പൊതുമരാമത്ത് വകുപ്പ് കെ.എസ്.റ്റി.പി പൊൻകുന്നം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച അർത്ഥനയിൻമേലുള്ള പൊന്നുവില നടപടികളുടെ ഭാഗമായി 2013 ലെ എൽ. എ. ആർ. ആർ നിയമത്തിലെ വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 2019 ഡിസംബർ 3 ന് കേരള സർക്കാർ 2669-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. എൽ.എ.ആർ.ആർ ആക്ടിലെ സെക്ഷൻ 19 പ്രകാരമുള്ള അന്തിമ വിജ്ഞാപനമായ ഡ്രാഫ്റ്റ് ഡിക്ലറേഷൻ (19(1) ) പ്രസിദ്ധപ്പെടുത്തുന്നതിനായി 12 മാസത്തെ സാവകാശം ലാൻഡ് അക്വിസിഷൻ ഓഫീസറായ പത്തനംതിട്ട (എൽ. എ) ജനറൽ സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

ടി വിഷയം പരിശോധിച്ചതിൽ കോവിഡ്-19 നിർവ്യാപന പ്രോട്ടോകോൾ നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യം പരിഗണിച്ച് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം വകുപ്പ് 19 പ്രകാരമുള്ള ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി ; വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ച് 1 വർഷം തികയുന്ന തീയതിയായ 2020 ഡിസംബർ 3 മുതൽ പ്രസ്തുത ആക്ടിലെ വകുപ്പ് 19(7) വ്യവസ്ഥകൾക്കനുസൃതമായി 6 മാസത്തേക്ക് നീട്ടി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ് )
ജില്ലാ കളക്ടർ

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്